**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ഡോ.അനിൽകുമാർ വി, ജൂനിയർ കൺസൾട്ടന്റ്(ഓർത്തോ), സാമൂഹികാ രോഗ്യകേന്ദ്രം , കുഴൽമന്നം, പാലക്കാട് -ന് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സർക്കാരിന്റെ 23/07/2025 ലെ സ.ഉ (സാധാ) നമ്പർ 2027/2025//H&FWD നമ്പർ അനുവർത്തന ഉത്തരവ്

2.ഡോ.അനിൽകുമാർ വി സമർപ്പിച്ച അപേക്ഷ തീയതി 29/7/2025

**ഉത്തരവ് നം: DHS/20367/2024-EB3 തീയതി: 07-08-2025**

---

പാലക്കാട് ജില്ലയിൽ കുഴൽമന്നം സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അനിൽകുമാർ വി ക്ക് തിരുവനന്തപുരം, കൊല്ലം ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ ശസ്ത്രക്രിയ ചെയ്യാൻ സൗകര്യങ്ങളുള്ള ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽ കിക്കൊണ്ട് ടിയാൾ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA 566/2025 നമ്പർ കേസിൽ പരാമർശം 1 പ്രകാരം സർക്കാർ അനുവർത്തന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റം നൽകണമെന്ന് ഡോ.അനിൽകുമാർ വി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കുഴൽമന്നം സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അനിൽകുമാർ വി യെ

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ഡോ.അനിൽകുമാർ വി ഉടനടി ജോലിയിൽ പ്രവേശിച്ച് ആർ ടി സി കൃത്യമായും ഈ കാര്യാലയത്തിലേക്ക് അയച്ചു നൽകേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപനമേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവിൻറെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 07-08-2025 08:02:34

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1.ഡോ.അനിൽകുമാർ വി, ജൂനിയർ കൺസൾട്ടന്റ്(ഓർത്തോ),സാമൂഹികാരോഗ്യകേന്ദ്രം, കുഴൽമന്നം, പാലക്കാട്

പകർപ്പ്:-

1.അക്കൌണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2.ജില്ലാ മെഡിക്കൽ ഓഫീസർ പാലക്കാട്/കണ്ണൂർ
3.സൂപ്രണ്ട്, താലൂക്ക് ആശുപത്രി, തലശ്ശേരി, കണ്ണൂർ
4.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്